**തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത്: സൂസൻ ഗോപി**

വിഷയം:- വനം വകുപ്പ് - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് റേഷ്യോ പ്രോമോഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:-
1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 29.03.2005-ലെ ഇ.2-23526/2004-ാം നമ്പർ ഉത്തരവ്.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 01.11.2014-ലെ ഇ.2-17540/2007-ാം നമ്പർ ഉത്തരവ്.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 15.07.2014-ലെ ഇ.2-4158/2012-ാം നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ2- 4158/2012 തീയതി 01.12.2017**

വനം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ആകെ അനുവദിച്ചിട്ടുളള 486 തസ്തികകൾ നിലവിലുളള വ്യവസ്ഥകൾ പ്രകാരം 1:2 അനുപാതത്തിൽ ഗ്രേഡ് I, ഗ്രേഡ് II തസ്തികകളായി നിശ്ചയിച്ചുകൊണ്ടും 162 തസ്തികകൾ ക്ലാസ്സ് IV എംപ്ലോയീസ് ഗ്രേഡ് I തസ്തികകളായി ഉയർത്തിക്കൊണ്ടും സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ 01.01.2013-ലെ അന്തിമ സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 165 ശ്രീ.അജീഷ്.കെ.റ്റി. വരെയുളളവർക്ക് ഗ്രേഡ് I തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിരുന്നു.

സൂചന (3) പ്രകാരം വനം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ 01.01.2013 തീയതി പ്രാബല്യത്തിലുളള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ സൂചന (2) പ്രകാരം റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുളള അവസാനത്തെ ഉദ്യോഗസ്ഥനായ ശ്രീ.അജീഷ്.കെ.റ്റി.യുടെ സ്ഥാനം ക്രമ നമ്പർ 165 ആണ്. ടി സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 166 ശ്രീ.ജയരാജൻ.എം.വി. മുതൽ ഉളളവർക്കാണ് ഗ്രേഡ് I തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ ലഭിക്കുവാനുളളത്. 01.08.2014 വരെയുളള ഒഴിവുകളിലേക്കാണ് സൂചന (2) ഉത്തരവ് പ്രകാരം അവസാനമായി റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുളളത്. ആയതിന് ശേഷം ഉണ്ടായിട്ടുളള ഒഴിവുകൾ തിട്ടപ്പെടുത്തിയതിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച 31 പേർ വിവിധ കാരണങ്ങളാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും വിട്ടുപോയിട്ടുളളതായി ബോധ്യപ്പെട്ടിട്ടുണ്ട്. 01.08.2014-ന് ശേഷം 31.07.2017 വരെയുണ്ടായ പ്രസ്തുത 31 ഒഴിവുകളിലേക്ക് 01.01.2013-ലെ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 166 മുതൽ 31 പേർക്ക് ഗ്രേഡ് I തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷന് അർഹതയുളളതായി കാണുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്നവർക്ക് അവരുടെ പേരിനു നേരെ കാണിച്ചിട്ടുളള തീയതി പ്രാബല്യത്തിൽ 17000-37500 ശമ്പള സ്കെയിലിൽ ക്ലാസ്സ് IV എംപ്ലോയീസ് ഗ്രേഡ് I ആയി റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പ്രാബല്യതീയതി |
|---|---|---|---|
| 1 | ജയരാജൻ.എം.വി. | 166 | 01.11.2014 |
| 2 | സുധാകരൻ കല്ലിയാറ്റിൽ | 167 | |
| 3 | ജയാനന്ദ്.ഒ.കെ. | 168 | |
| 4 | സുഹറ.പി. | 169 | |
| 5 | പ്രജിത്കുമാർ.പി. | 170 | |
| 6 | മാധവി.ഒ.കെ. | 171 | |
| 7 | സുലൈമാൻ.എ. | 172 | |
| 8 | രമേശൻ.കെ.പി. | 173 | |
| 9 | സചികുമാർ.സി. | 174 | |
| 10 | ഗോപി മാത്യൂ | 175 | |
| 11 | ജെജി ജോസഫ് | 176 | |
| 12 | ബോബി മാത്യൂ | 177 | |
| 13 | രാഘവൻ.വി.കെ | 178 | |
| 14 | ജയിനമ്മ.എൻ.ജെ. | 179 | |
| 15 | അജിതകുമാരി.റ്റി. | 180 | |
| 16 | സുസ്മിത.എ.എസ്. | 181 | |
| 17 | സന്തോഷ്.റ്റി.ബി. | 182 | |
| 18 | പ്രഭാകരൻ.എം. | 183 | |
| 19 | പ്രദീപ്.എൻ. | 184 | |
| 20 | തങ്ക.എ.ജി. | 185 | |
| 21 | പ്രകാശൻ.കെ. | 186 | |
| 22 | സജു.ആർ. | 187 | |
| 23 | വിനോദ്കുമാർ.എസ്. | 188 | |
| 24 | എം.മുഹമ്മദ് റാസി | 189 | |
| 25 | അമ്മിണിക്കുട്ടി.ഡി | 190 | |
| 26 | ഹരികുമാർ.സി.ആർ. | 192 | |
| 27 | സാറ.സി.ഡി. | 193 | |
| 28 | ശ്രീജ.പി.റ്റി. | 194 | |
| 29 | ഡേവിസ്.സി.ജെ | 195 | |
| 30 | പ്രസാദ്.കെ.കെ. | 196 | |
| 31 | ദിവ്യ.എസ്. | 197 | |
| 32 | സുരേഷ്.റ്റി.എം. | 199 | |

ഈ ഉത്തരവ് മുഖേന റേഷ്യോ പ്രൊമോഷൻ ലഭിച്ചവർക്ക് മേൽ സൂചിപ്പിച്ച ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ഈ ഉത്തരവിന്മേൽ ആക്ഷേപമുള്ളവർ 15 ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:
1. എല്ലാ വ്യക്തികൾക്കും
2. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും / വൈൽഡ് ലൈഫ് വാർഡനും/ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
3. വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലേക്ക്
4. എച്ച് / റ്റി സെക്ഷന്
5. സ്റ്റോക്ക് ഫയൽ

✓